## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909** **31-01-2024 - ൽ മറുപടിയ്ക്ക്**

### ദളിത് ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദളിത് ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത വിഭാഗത്തിന് നൽകി വരുന്നത്; വ്യക്തമാക്കാമോ; | (ബി) | പട്ടികജാതിക്കാർക്ക്സമാനമായ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങൾ നിലനിൽക്കുന്ന വിഭാഗമാണ് പരിവർത്തിത ക്രൈസ്തവർ. പട്ടികജാതിക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി മറ്റർഹ വിഭാഗത്തിൽ (ഒ.ഇ.സി) ഉൾപ്പെടുത്തി പ്രീമെടിക്, പോസ്റ്റ്മെടിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. കൂടാതെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് (ഓവർസീസ്സ്കോളർഷിപ്പ്), പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ / ഹോട്ടൽ മാനേജ്മെന്റ് / ലോജിസ്റ്റിക് / പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ഐ.ടി.ഐ/ ഐ.ടി.സി. കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതി, നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ഈ വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്ന അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി തുടങ്ങിയവയ്ക്ക് ഒ.ബി.സി. എന്ന നിലയിൽ പരിവർത്തിത ക്രൈസ്തവർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികജാതിയിൽ നിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ ഉന്നമനത്തിനായി, കുറഞ്ഞ പലിശ നിരക്കിൽ വിവിധ ഭവന വായ്പകളും, വിവാഹ വായ്പ, സ്വയം തൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ, സ്റ്റാർട്ടപ്പ് വായ്പ, കാർഷിക വായ്പകൾ എന്നിവയും കൂടാതെ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വായ്പകളും, വിദ്യാഭ്യാസ പ്രോത്സാഹന/ ധനസഹായ/പരിശീലന പദ്ധതികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി വായ്പ നൽകുന്ന പുതിയ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതിയും, പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ യുവതീയുവാക്കൾ എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി അവരെ മികച്ച ജോലികൾ നേടുന്നതിന് പ്രാപ്തരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത വിഭാഗത്തിന് പ്രത്യേകമായി ഉദ്യോഗത്തിലും മറ്റു മേഖലകളിലും സംവരണം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | നിലവിൽ സംസ്ഥാന സർക്കാർ സർവ്വീസിലേക്കുള്ള സംവരണത്തിൽ പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ക്ലാസ് IV തസ്തികകളിൽ 2 ശതമാനവും, ക്ലാസ് IV ഒഴികെയുള്ള തസ്തികകളിൽ 1 ശതമാനവും പ്രത്യേകമായിട്ട് അനുവദിക്കുന്നുണ്ട്.<br><br>എന്നാൽ വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ പരിവർത്തിത ക്രൈസ്തവർക്കുമായി ആർട്സ് ആന്റ് സയൻസ് ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളിലെ പ്രവേശനത്തിനും പ്രത്യേകമായി 1% സംവരണം അനുവദിക്കുന്നുണ്ട്. എന്നാൽ പ്രൊഫഷണൽ ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും, മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും, M-Tech കോഴ്സുകളിലെ പ്രവേശനത്തിനും പരിവർത്തിത ക്രൈസ്തവർക്കും, SIUC -ക്കുമായി ചേർന്നാണ് 1% സംവരണം അനുവദിക്കുന്നത്. |
| (ഡി) | നിലവിൽ പ്രസ്തുത വിഭാഗത്തിനുള്ള ഉദ്യോഗ മേഖലയിലെ ബാക്ക് ലോഗ് നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ബാക്ക് ലോഗ് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പ്രസ്തുത വിഭാഗത്തിനായി എന്തെല്ലാം | (ഇ) | ഒ.ബി.സി. വിഭാഗം എന്ന നിലയിൽ വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങളാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | | നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്കും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ